**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2429** **21-01-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ നാളികേര വികസന പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര വികസന പാർക്കിനായി 2012-ൽ എത്ര ഏക്കർ സ്ഥലമാണ് വ്യവസായ വകുപ്പ് ഏറ്റെടുത്തത്; ഇതിന് എത്ര കോടി രൂപ സർക്കാരിന് ചെലവ് വന്നിട്ടുണ്ട്; | (എ) | 115.13ഏക്കർ (46.5944ഹെക്ടർ) സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. Rs. 14,86,49,304/- രൂപ |
| (ബി) | ഏറ്റെടുത്ത സ്ഥലം നാളികേര വികസന പാർക്കിനായി വികസിപ്പിച്ചെടുക്കാൻ 42 കോടി രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു വർഷമാണ് ഭരണാനുമതി നൽകിയത്; | (ബി) | 2014 ൽ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (സി) | ഇപ്പോൾ കെ.എസ്.ഐ.ഡി.സി. യുടെ കൈവശമാണോ ഭൂമിയുള്ളത്; | (സി) | അതെ |
| (ഡി) | പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഭൂമി കെ.എസ്.ഐ.ഡി.സി. ഏറ്റെടുക്കുകയും, മന്ത്രിതല യോഗം നടത്തുകയും, മന്ത്രിയും കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥൻമാരും എം.എൽ.എ.യുടെ സാന്നിധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും ഒക്കെ ചെയ്തിട്ടും ഇക്കാര്യത്തിൽ തുടർനടപടികൾ ഇല്ലാതെ പോയതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ; | (ഡി) | ഏറ്റെടുത്ത ഭൂമിയുടെ ഭൂവിലയും ചമയങ്ങളുടെ വില നിശ്ചയവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഫയൽ ചെയ്യപ്പെട്ട കേസുകൾ തീർപ്പായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) | എങ്കിൽ ഈ ഘട്ടത്തിലെങ്കിലും ഒട്ടേറെ കേരകർഷകരും അനുബന്ധ തൊഴിലാളികളുമുള്ള കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി തേങ്ങയുടെ പശ്ചാത്തലം കൂടി കണക്കിലെടുത്ത് നാളികേര വിപണനം, സംഭരണം, സംസ്കരണം എന്നിവ ലക്ഷ്യമാക്കി നാളികേരവികസന പാർക്ക് യാഥാർത്ഥ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നു വിശദമാക്കുമോ? | (ഇ) | ഏറ്റെടുത്ത ഭൂമിയുടെ ഭൂവിലയും ചമയങ്ങളുടെ വില നിശ്ചയവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഫയൽ ചെയ്യപ്പെട്ട കേസുകൾ തീർപ്പായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ